**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 347** **05-12-2022 - ൽ മറുപടിയ്ക്ക്**

**നെല്ലുസംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി സി. കെ. ആശ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നെല്ലുസംഭരണം ഊർജ്ജിതമാക്കുന്നതിനും നെല്ലുസംഭരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും കർഷകർക്ക് സഹായമാകുന്ന എന്തെല്ലാം നിലപാടുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | മില്ലുടമകളുടെ നിസ്സഹകരണം കാരണം നെല്ല് സംഭരണം തുടങ്ങാൻ അല്പം കാലതാമസമുണ്ടായെങ്കിലും നിലവിൽ പാലക്കാട് ജില്ലയിലെ നെല്ല് സംഭരണം സുഗമമായി നടന്നുവരുന്നു. 28.11.2022 വരെ 11079 കർഷകരിൽ നിന്നും 32470 ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. |
| (ബി) | നെല്ല് സംഭരണ പദ്ധതിക്ക് കീഴിൽ കർഷകരിൽ നിന്നും സപ്ലൈകോ സംഭരിച്ച നെല്ലിന്റെ വിലയിനത്തിൽ കർഷകർക്ക് നൽകാനുള്ള തുക പൂർണ്ണമായും വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | നെല്ല് സംഭരണം തടസ്സപ്പെടുന്ന സാഹചര്യം കേരളത്തിൽ എവിടെ ഉണ്ടായാലും സർക്കാരും സപ്ലൈകോയും സത്വര ഇടപെടൽ നടത്താറുണ്ട്. |
| (സി) | നെല്ല് സംഭരണത്തിനുശേഷം നെല്ലിന്റെ വില കർഷകർക്ക് താമസം കൂടാതെ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | സ്വീകരിച്ചിട്ടുണ്ട്. PRS ലോൺ കൃത്യമായി തിരിച്ചടക്കാത്തതിനാൽ കർഷകരുടെ CIBIL സ്കോറിനെ ദോഷകരമായി ബാധിച്ചിരുന്നു. കൂടാതെ PRS ലോണുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നങ്ങൾ കർഷകർക്ക് ബുദ്ധിമുട്ട് സൃഷ്ടിച്ചിരുന്നു. ആയതിനാൽ, സപ്ലൈകോ ബാങ്കുകളിൽ നിന്നും നേരിട്ട് വായ്പ എടുത്ത് കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നൽകുന്ന കാര്യം ഗൗരവമായി പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ